ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 02.06.2024 പ്രധാന വാർത്തകൾ TIME : 07.25 PM

1. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാനഘട്ടത്തിൽ 62 ശതമാനത്തിലധികം പോളിങ്; സ്വതന്ത്രവും നീതിപൂർവകവുമായ വോട്ടെടുപ്പ് ഉറപ്പാക്കിയ തിരഞ്ഞെടുപ്പ് കമ്മീഷനെയും സുരക്ഷാ സൈനികരേയും അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Polling concludes for the last phase of Lok Sabha Elections with over 62 percent voters exercising their franchise. Prime Minister Narendra Modi has commended the Election Commission of India and security forces for their exemplary efforts in ensuring a smooth and fair electoral process.

2. അരുണാചൽ, സിക്കിം നിയമസഭകളിലേക്കുള്ള വോട്ടെണ്ണൽ ആരംഭിച്ചു; അരുണാചലിൽ ബിജെപിയും സിക്കിമിൽ എസ്.കെ.എമ്മും മുന്നിൽ.

   Counting of votes for Arunachal and Sikkim Assemblies begins; BJP is ahead in Arunachal and SKM in Sikkim.

3. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ മറ്റന്നാൾ നടക്കാനിരിക്കെ എൻഡിഎ യ്ക്ക് മുൻതൂക്കം പ്രവചിച്ച് വിവിധ എക്സിറ്റ് പോളുകൾ; പ്രതീക്ഷ കൈവിടാതെ ഐ.എൻ.ഡി.ഐ സഖ്യം.

   As the counting of votes for the Lok Sabha elections is to be held Tuesday. Various exit polls are predicting an advantage for the NDA; INDI alliance also expresses hope.

4. രാജ്യത്ത് മേയ് മാസത്തെ ചരക്കുസേവന നികുതി വരുമാനത്തിൽ 10 ശതമാനം വർദ്ധന.

The GST revenue for the month of May this year stood at one lakh and 73 thousand crore rupees, a 10 per cent year-on-year growth.

5. **കേരളത്തിൽ കാലവർഷം ശക്തമാകും; ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

Monsoon getting stronger in Kerala;Orange alert today in Idukki, Kozhikode and Wayanad districts.

6. **ട്വന്റി- 20 ലോകകപ്പിന് ഇന്ന് തുടക്കം; ഉദ്ഘാടന മത്സരത്തിൽ അമേരിക്കയും കാനഡയും ഏറ്റുമുട്ടും .**

The Twenty20 World Cup starts today; the USA faces Canada in the opening match.

&&&&&&&&&&&&&&&&&&

## SEVENTH PHASE POLLING (INTRO)

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയായി. ഇന്നലെ പൂർത്തിയായ അവസാനഘട്ടത്തിൽ 62.36 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏഴ് സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തിലുമുൾപ്പെടെ 57 ലോക്സഭാ മണ്ഡലങ്ങളിലേക്കാണ് ഏഴാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടന്നത്.
വിശദാംശങ്ങളിലേക്ക്............

**(വോയ്സ്)**

ഉത്തർപ്രദേശിലെയും പഞ്ചാബിലെയും 13 സീറ്റുകൾ , പശ്ചിമ ബംഗാളിൽ ഒമ്പത്, ബീഹാറിൽ എട്ട്, ഒഡീഷയിൽ ആറ്, ഹിമാചൽ പ്രദേശിൽ നാല്, ജാർഖണ്ഡിലെ മൂന്ന്, ചണ്ഡീഗഢിലെ ഒരു മണ്ഡലത്തിലുമാണ് തെരഞ്ഞെടുപ്പ് നടന്നത്. ബീഹാർ 51.92 ശതമാനം, ചണ്ഡീഗഢ് 67.90, ഹിമാചൽ പ്രദേശ് 70.05, ജാർഖണ്ഡ് 70.66, പഞ്ചാബ് 61.32, ഉത്തർപ്രദേശ് 55.59, പശ്ചിമ ബംഗാൾ 73.79, ഒഡീഷയിൽ 70.67 ശതമാനം എന്നിങ്ങനെയാണ് പോളിംഗ് രേഖപ്പെടുത്തിയത്. ഒഡീഷ നിയമസഭയിലെ ശേഷിക്കുന്ന 42 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പും ഇതോടൊപ്പം നടന്നു. 904 സ്ഥാനാർത്ഥികളാണ് അവസാന ഘട്ടത്തിൽ മത്സരിച്ചത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി,

പാർട്ടി നേതാക്കളായ അനുരാഗ് സിംഗ് താക്കൂർ, രവിശങ്കർ പ്രസാദ്, കങ്കണ റണാവത്ത്, കോൺഗ്രസ് നേതാവ് മനീഷ് തിവാരി, വിക്രമാദിത്യ സിംഗ്, ആർജെഡി നേതാവ് മിസാ ഭാരതി, തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി തുടങ്ങിയ പ്രമുഖർ ഈ ഘട്ടത്തിൽ ജനവിധി തേടി.

**ന്യൂസ്ഡെസ്ക് ആകാശവാണി..................**

&&&&&&&&&&&&&&&&&&

## PM- ECI

സ്വതന്ത്രവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് മാതൃകാപരമായ നടപടികൾ സ്വീകരിച്ച തിരഞ്ഞെടുപ്പ് കമ്മീഷനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയ്ക്കും പ്രചോദനമാണ് രാജ്യത്തിൻ്റെ തിരഞ്ഞെടുപ്പ് പ്രക്രിയയെന്ന് അദ്ദേഹം പറഞ്ഞു. സമാധാനപരമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ അചഞ്ചലമായ ജാഗ്രത പുലർത്തിയതിന് രാജ്യത്തെ സുരക്ഷാ സേനകൾക്കും പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ASSEMBLY COUNTING

അരുണാചൽ പ്രദേശ്, സിക്കിം നിയമസഭാ തിരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ ആരംഭിച്ചു. അരുണാചലിൽ ബിജെപിയും, സിക്കിമിൽ - സിക്കിം ക്രാന്തികാരി മോർച്ചയും മുന്നിലാണ്. അരുണാചലിൽ 18 ഇടത്ത് ബിജെപി മുന്നിലാണ്. സിക്കിം ക്രാന്തികാരി മോർച്ച നാലിടത്തും സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ട് ഒരിടത്തും ലീഡ് ചെയ്യുന്നു. അരുണാചൽ പ്രദേശിൽ 60-ഉം സിക്കിമിൽ 32-ഉം അംഗ നിയമസഭകളാണ് നിലവിലുള്ളത്.

&&&&&&&&&&&&&&&&&&

## COUNTING - LOKSABHA

ലോക്സഭാ തെരഞ്ഞെടുപ്പിൻ്റെയും ആന്ധ്രാപ്രദേശ്, ഒഡീഷ സംസ്ഥാന നിയമസഭകളുടെയും നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകലുടെയും വോട്ടെണ്ണൽ മറ്റന്നാൾ രാവിലെ രാവിലെ 8 മണിയ്ക്ക് ആരംഭിക്കും. മുഖ്യ തിരഞ്ഞെടുപ്പ്

കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, ഡോ. സുഖ്ബീർ സിംഗ് സന്ധു എന്നിവർ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായും റിട്ടേണിംഗ് ഓഫീസർമാരുമായും വോട്ടെണ്ണലിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്തു. പൊതു തിരെഞ്ഞെടുപ്പ് വിജയമാക്കിയ എല്ലാവർക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&&

## COUNTING

കേരളത്തിൽ 20 കേന്ദ്രങ്ങളും വോട്ടെണ്ണലിന് സജ്ജമായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. സുതാര്യവും സുരക്ഷിതവുമായി വോട്ടെണ്ണൽ പ്രക്രിയ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി അദ്ദേഹം വ്യക്തമാക്കി. വോട്ടിങ് മെഷീനുകളിലെ വോട്ടെണ്ണൽ പൂർത്തിയാക്കിയ ശേഷം വിവിപാറ്റ് സ്ലിപ്പുകളുടെ വെരിഫിക്കേഷൻ നടത്തും. വോട്ടെണ്ണൽ ദിനം ഡ്രൈ ഡേ ആയിരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## CEO KERALA

തിരഞ്ഞെടുപ്പ് ഫലം അറിയാൻ കേരളത്തിൽ ഏകീകൃത സംവിധാനം സജ്ജമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ. കമ്മീഷൻറെ വെബ്സൈറ്റിലും വോട്ടർ ഹെൽപ് ലൈൻ ആപ്പിലും പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും തത്സമയം ഫലം അറിയാനാവും. results.eci.gov.in വഴിയാണ് ഫലം ലഭ്യമാവുക.

&&&&&&&&&&&&&&&&&&

## ECI- CENTRAL FORCES

വോട്ടെണ്ണലിന് ശേഷം അക്രമ സംഭവങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ഇടങ്ങളിൽ സുരക്ഷയ്ക്കായി തിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര സേനയെ നിയോഗിച്ചു .

സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര നിരീക്ഷകരുടെയും വിലയിരുത്തലിൻ്റെ അടിസ്ഥാനത്തിലാണ് നടപടി .വോട്ടെണ്ണലിന്

ശേഷം 15 ദിവസം വരെ ആന്ധ്രാപ്രദേശിലും പശ്ചിമ ബംഗാളിലും സുരക്ഷാ സേനയുടെ സേവനം ഉണ്ടാകും.

&&&&&&&&&&&&&&&&&&

## EXIT POLL

ദേശീയ ജനാധിപത്യ സഖ്യത്തിന് ഭരണത്തുടർച്ചയെന്നും, ബിജെപി ഒറ്റക്ക് ഭൂരിപക്ഷം നേടുമെന്നും പ്രവചിച്ച് വിവിധ എക് സിറ്റ് പോളുകൾ. മുന്നൂറിലധികം സീറ്റുകളുമായി എൻഡിഎ അധികാരത്തിലേറുമെന്നാണ് പ്രവചനം. ഐ എൻ ഡി ഐ സഖ്യം നില മെച്ചപ്പെടുത്തുമെന്നും സർവേകൾ വ്യക്തമാക്കുന്നു. കേരളത്തിൽ യുഡിഎഫിന് മേൽക്കൈയെന്നാണ് പുറത്തുവന്ന എക്സിറ്റ് പോളുകൾ. എൽ ഡി എഫ് നാല് മുതൽ ആറ് സീറ്റുവരെയും ബിജെപി ഒന്നു മുതൽ 3 സീറ്റു വരെയും നേടുമെന്നാണ് പ്രവചനം.

&&&&&&&&&&&&&&&&&&

## PM – NDA government.

ദേശീയ ജനാധിപത്യ സഖ്യ സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റാനാണ് ജനങ്ങൾ റെക്കോർഡ് സംഖ്യയിൽ വോട്ട് ചെയ്തതെന്ന ആത്മവിശ്വാസവുമായി പ്രധാനമന്ത്രി. ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവന്ന കേന്ദ്ര സർക്കാരിൻറെ പ്രവർത്തനങ്ങൾ ജനങ്ങൾ അംഗീകരിക്കുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. പക്ഷപാതമോ ചോർച്ചയോ ഇല്ലാതെ പദ്ധതികളുടെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭ്യമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും ശ്രീ.മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## I.N.D.I.A.BLOC MEETING

295 ലോക്സഭാ സീറ്റുകളിൽ വിജയിക്കുമെന്ന ആത്മവിശ്വാസവുമായി ഐ.എൻ.ഡി.ഐ.സഖ്യം രംഗത്ത്. ഇന്നലെ നടന്ന സഖ്യ യോഗത്തിൽ പ്രതിപക്ഷ നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, ശരദ് പവാർ തുടങ്ങിയവർ പങ്കെടുത്തു. തൃണമൂൽ, പിഡിപി പ്രതിനിധികൾ യോഗത്തിനെത്തിയില്ല.

ഐ.എൻ.ഡി.ഐ. സഖ്യം കേന്ദ്രത്തിൽ സർക്കാർ രൂപീകരിക്കുമെന്ന് എഎപി കൺവീനറും ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്‌രിവാൾ അവകാശപ്പെട്ടു. ഫലപ്രഖ്യാപനത്തിന് ശേഷം സ്വീകരിക്കേണ്ട നിലപാടുകൾ യോഗം ചർച്ച ചെയ്യുതായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## KEJRIWAL

അതിനിടെ ഡൽഹി മദ്യമയക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ കേജ് രി വാളിന് അനുവദിച്ച ജാമ്യ കാലാവധി ഇന്ന് കഴിയും. ഉച്ചയ്ക്ക് ശേഷം അദ്ദേഹം തിരികെ ജയിലിൽ ഹാജരാകും.

&&&&&&&&&&&&&&&&&&

## GST

രാജ്യത്ത് ചരക്കുസേവന നികുതി വരുമാനത്തിൽ വർദ്ധന. മേയ് മാസത്തിൽ ഒരു ലക്ഷത്തി 72,739 കോടി രൂപയാണ് വരുമാനം. മുൻവർഷം ഇതേകാലത്തെ അപേക്ഷിച്ച് പത്തു ശതമാനം വളർച്ച രേഖപ്പെടുത്തി. 2023 മേയിൽ ഒരു ലക്ഷത്തി 57,090 കോടി രൂപയായിരുന്നു ലഭിച്ചത്. കേന്ദ്ര ജിഎസ്ടിയിൽ 32,409 കോടി രൂപയും സംസ്ഥാന ജിഎസ്ടി ഇനത്തിൽ 40,265 കോടി രൂപയും ലഭിച്ചു. 87,781 കോടി രൂപയാണ് സംയോജിത ജിഎസ്ടി. 12,284 കോടി സെസായും പിരിഞ്ഞുകിട്ടി. മെയ് മാസത്തിൽ കേരളത്തിൽ ജിഎസ്ടി വരുമാനമായി 2,594 കോടി രൂപ ലഭിച്ചു. 2023 മേയിലെ 2,297 കോടി രൂപയേക്കാൾ 13 ശതമാനമാണ് വർധന.

&&&&&&&&&&&&&&&&&&

## SCHOOL OPENING KERALA

സ്കൂൾ പ്രവേശനോത്സവത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ എറണാകുളം എളമക്കര ഗവ. ഹയർ സെക്കൻററി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. പ്രവേശനോത്സവ ഗാനത്തിൻറെ

ദൃശ്യാവിഷ്ക്കാരവും വേദിയിൽ നടക്കും. മൂന്നു ലക്ഷത്തോളം കുട്ടികൾ ഒന്നാം ക്ലാസിൽ എത്തുമെന്നാണ് പ്രതീക്ഷ.

&&&&&&&&&&&&&&&&&&

## MURALEEDHARAN

ഗുണനിലവാരമുള്ളതും മൂല്യാധിഷ്ഠിതാവുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം മുൻനിർത്തിയാണ് ദേശീയ വിദ്യാഭ്യാസ നയം ആവിഷ്കരിച്ചിട്ടുള്ളതെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ. തിരുവനന്തപുരത്ത് എഡ്യൂസബ്മിറ്റ് 2024 ഉൽഘാടനവും പുരസ്കാര വിതരണവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യയിലെ മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ മേഖലയിലുണ്ടാകേണ്ട മാറ്റങ്ങൾ പുതിയ വിദ്യാഭ്യാസ നയം വിശദീകരിക്കുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## Rain kerala

കേരളത്തിൽ ഇന്നും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ മഴ പെയ്യാനുള്ള സാധ്യത കണക്കിലെടുത്ത് മലയോര മേഖലകളിലടക്കം ജാഗ്രത പാലിക്കണം. കേരളാ തീരത്ത് ഉയർന്ന തിരമാലകൾക്കും സാധ്യതയുണ്ട്. തെക്ക് കിഴക്കൻ അറബിക്കടലിൽ തെക്കൻ കേരളത്തിന് സമീപം ചക്രവാതച്ചുഴി നിലനിൽക്കുന്നതിന്റെ സ്വാധീനഫലമായാണ് ശക്തമായമ മഴ.

&&&&&&&&&&&&&&&&&&

## ASAM-FLOOD

അസമിൽ, പ്രളയ കെടുതികൾ രൂക്ഷം .10 ജില്ലകളിലായി ആറ് ലക്ഷത്തിലധികം പേരെയാണ് വെള്ളപ്പൊക്ക ദുരിതം ബാധിച്ചത് . കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ മൂന്ന് പേർ കൂടി മരിച്ചതോടെ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 11 ആയി. 4,800

ഹെക്ടറിലധികം പ്രദേശത്തു വിളനാശവും സംഭവിച്ചിട്ടുണ്ട് .പ്രളയബാധിത ജില്ലകളിൽ സംസ്ഥാന സർക്കാർ 187 ദുരിതാശ്വാസ ക്യാമ്പുകളും 96 ദുരിതാശ്വാസ വിതരണ കേന്ദ്രങ്ങളും തുറന്നു .ട്രാക്കിലെ വെള്ളക്കെട്ട് മൂലം വടക്ക് കിഴക്കൻ റെയിൽവേ ഇത് വഴിയുള്ള ട്രെയിൻ സർവീസ് റദ്ദാക്കി .ബ്രഹ്മപുത്ര നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ തേജ്പൂർ, ഗുവാഹത്തി, ഗോൾപാറ എന്നിവിടങ്ങൾ പ്രളയ ഭീഷണിയിലാണ്.

**&&&&&&&&&&&&&&&&&&**

## PREZ- HEATWAVE

രാജ്യത്തിന്റെ വടക്ക്-പടിഞ്ഞാറൻ മേഖലയിൽ ഉഷ്ണ തരംഗം തുടരുന്നു. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബിഹാർ ഛത്തീസ്ഗഢ് ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ കടുത്ത ഉഷ്ണ തരംഗം അനുഭവപ്പെടുകയാണ്. ഇന്നലെ ഉത്തർപ്രദേശിൽ നടന്ന വോട്ടെടുപ്പിനിടയിൽ 33 തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കടുത്ത ചൂടിനെ തുടർന്ന് മരണപ്പെട്ടതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഉഷ്ണതരംഗംത്തിന്റെ ഫലമായി നിരവധി പേർക്ക് ജീവൻ നഷ്ടമായതിൽ രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചനം രേഖപ്പെടുത്തി. ദുരിത ബാധിതരെ സഹായിക്കാൻ എത്രയും വേഗം നടപടികൾ സ്വീകരിച്ച ഭരണ സംവിധാനങ്ങളെ രാഷ്ട്രപതി സാമൂഹ്യ മാധ്യമത്തിലൂടെ അഭിനന്ദിച്ചു.

**&&&&&&&&&&&&&&&&&&**

## T-20 WORLD CUP CRICKET

ട്വൻറി- 20 ലോകകപ്പ് 9-ാം പതിപ്പിന് ഇന്ന് തുടക്കമാകും. അമേരിക്കയും കാനഡയും തമ്മിലാണ് ഉദ്ഘാടന മത്സരം. നാല് ഗ്രൂപ്പുകളിലായി 20 ടീമുകളാണ് ഇത്തവണ ലോക കപ്പിൽ മാറ്റുരയ്ക്കുന്നത്. അമേരിക്കയും വെസ്റ്റ് ഇൻഡീസ്സുമാണ് ടി-20 ക്ക് വേദിയാകുന്നത്. ഈ മാസം 5 ന് അയർലാൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

*

**************

****************************************